**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. അഞ്ജു.കെ. കൺമണി, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം.ഇ.എ1-1008/16/ആ.വ.ഡ തീയതി 20.09.2016
2. സ.ഉ (സാധാ)നം.2256/2017/ആ.കു.വ തീയതി 11.08.2017
2. മേലെഴുത്ത് നം.ഇ.ബി1-42764/2017/ആ.വ.ഡ തീയതി 14.08.2017

**<u>ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 17.08.2017</u>**

വിതുര താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി ആയി ജോലി നോക്കി വരവെ ഡോ. അഞ്ജു.കെ. കൺമണിയെ പരാമർശം (1) പ്രകാരം പുനലൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൾ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നിരുന്നു.

പരാമർശം (2) പ്രകാരം, ഡോ. അഞ്ജു.കെ. കൺമണിയെ അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി, ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഡോ. അഞ്ജു.കെ. കൺമണിയെ **മലപ്പുറം, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ** പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിലേക്ക്, നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൾ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമായിരിക്കും ടി തസ്തികയിലെ സീനിയോറിറ്റി പരിഗണിക്കുക. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുന:പ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ടിയാൻ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. അഞ്ജു.കെ. കൺമണി, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം/മലപ്പുറം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി വിതുര/പുനലൂർ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**